(ബി) എങ്കിൽ ജാതി സർട്ടിഫിക്കറ്റില്ലാത്ത കാരണത്താൽ പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഇവർക്ക് വിദ്യാഭ്യാസ ആവശ്യങ്ങളും മറ്റ് സർക്കാർ ആനുകൂല്യങ്ങളും നേടാൻ കഴിയാത്ത സാഹചര്യം ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എ പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉദിക്കുന്നില്ല.

മാതമംഗലം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് തുക ലഭ്യമാക്കാൻ അടിയന്തര നടപടി

5 (3564) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-ലെ കാലവർഷക്കെടുതിയിൽ തകർന്ന കണ്ണൂർ ജില്ലയിലെ മാതമംഗലം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക് 30-7-1994-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം 396/94/ റവന്യൂ പ്രകാരം എത്ര രൂപയുടെ എസ്റ്റിമേറ്റിനാണ് കണ്ണൂർ ജില്ലാ കളക്ടർ അനുമതി നൽകിയത് ;

(ബി) ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്തിയ മാതമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപക-രക്ഷാകർതൃസമിതി പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുകയുണ്ടായോ ;

(സി) ഇതിനായി എത്ര തുകയുടെ ബില്ലാണ് സമർപ്പിക്കപ്പെട്ടത് ;

(ഡി) പ്രസ്തുത തുക മാതമംഗലം ഗവൺമെന്റ് ഹയർ സെക്കണ്ടറി അദ്ധ്യാപക-രക്ഷകർത്തൃ സമിതിക്ക് ലഭ്യമാക്കുകയുണ്ടായോ ;

(ഇ) ഇല്ലെങ്കിൽ പ്രസ്തുത തുക ലഭ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 24,000 രൂപ.

(ബി) പൂർത്തീകരിച്ചു.

(സി) 20,332 രൂപ.

(ഡി) ജില്ലാ പഞ്ചായത്ത് മുഖാന്തിരമാണ് ബില്ല് സമർപ്പിച്ചത്. ആയതിനാൽ തുക കണ്ണൂർ ജില്ലാ പഞ്ചായത്തിന് 15-3-2003-ൽ അനുവദിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly